(ബി) പെർമിറ്റിന് വിരുദ്ധമായും പെർമിറ്റ് സമ്പാദിക്കാതെയും സഹകാര്യ ഭൂമിയിൽ ഖനനപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവരിൽനിന്ന് കേരള മൈനർ മിനറൽ കൺസൻഷൻ ചട്ടപ്രകാരം റോയൽറ്റി/പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയിൽ നടക്കുന്ന അനധികൃത ഖനനം ശ്രദ്ധയിൽപ്പെടുമ്പോൾ റവന്യൂവകുപ്പ് മുഖേന നിയമനടപടികൾ സ്വീകരിക്കുന്നു.

(സി) 2013-14 സാമ്പത്തിക വർഷം കൊട്ടാരക്കര താലൂക്കിൽ മാത്രം 31,42,329 രൂപ (മുപ്പത്തി ഒന്ന് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി മൂന്നൂറ്റി ഇരുപത്തി ഒമ്പത്) പിഴയായി ഈടാക്കിയിട്ടുണ്ട്. നിയമനടപടികൾക്ക് വിധേയമായ കാര്യങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

മണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

202 (6653) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2010 മുതലുള്ള റിബേറ്റ് കുടിശ്ശിക ലഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തുണി വിറ്റുവരവ് എസ്.ബി. അക്കൗണ്ടിൽ അടയ്ക്കുന്നതിന് പകരം ആർ.ബി.ഐ.സി.സി. അക്കൗണ്ടിൽ അടയ്ക്കണമെന്ന് ഉത്തരവു നിലവിലുണ്ടോ ;

(സി) മാണിയാട്ട് വീവേഴ്സ് സൊസൈറ്റിക്ക് റിബേറ്റ് നൽകുന്നതിന്റെ ഫലമായി സംഘവും തൊഴിലാളികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറുടെ സർക്കുലർ പ്രകാരം റിബേറ്റ് കാലയളവിലെ തുണി വിറ്റുവരവ് തുകയുടെ 60% ൽ കുറയാത്ത തുക ആർ.ബി.ഐ.സി.സി. അക്കൗണ്ടിൽ അടയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റിബേറ്റ് കാലയളവിലെ വില്പന തുക സി.ഡി. അക്കൗണ്ടിൽ അടയ്ക്കുന്നതിനുപകരം എസ്.ബി. അക്കൗണ്ടണ്ടിൽ അടച്ചതുമൂലമാണ് റിബേറ്റ് ലഭിക്കാത്തത്. എന്നാൽ, ആർ.ആർ.ആർ. പാക്കേജ് നടപ്പിലാക്കുന്നതു വരെ എസ്.ബി. അക്കൗണ്ടിൽ പണം അടച്ചവർക്കും റിബേറ്റ് നൽകാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-13 വർഷത്തെ റിബേറ്റ് അപേക്ഷകൾ പരിശോധിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമതയുടെ റിപ്പോർട്ട് അനുവദിച്ച് നൽകുന്നതാണ്. മാണിയാട്ടു റീവേഴ്സ് സംഘത്തിന് കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റിഹോം ആന്റ് റീ-സ്ട്രക്ച്ചറിംഗ് പാക്കേജിന് അർഹതയുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് ഈ സംഘം ഉൾപ്പെട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിലെ ലിസ്റ്റും അർഹതയുള്ള തുകയും ഡെവലപ്മെന്റ് കമ്മീഷണർ ഹോർ പറൻഡ്ലൂമിന് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ തുക കിട്ടുമ്പോൾ ബാങ്കിൽ നിന്നും എടുത്ത 31-3-2010 വരെയുള്ള വായ്പയും 25% പലിശയും ഒഴിവാക്കി കിട്ടും. ബാങ്കിൽനിന്നും പുനർവായ്പയും ലഭിക്കും.

സംസ്ഥാനത്ത് ഐ.ടി. വകുപ്പ് മുഖേന 'ഐഡിയാസ്' സംവിധാനം

203 (6654) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.ടി വകുപ്പ് മുഖേന 'ഐഡിയാസ് സംവിധാനം' പ്രാവർത്തിച്ച് വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തൊക്കെയാണ് ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) സർക്കാർ സേവനങ്ങളുടെ നീക്കം ഓൺലൈനായി പൊതു ജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് ഈ സംവിധാനം എത്രമാത്രം സൗകര്യമൊരുക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിൽ സാങ്കേതിക സഹായത്തിന് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സെക്രട്ടേറിയറ്റിൽ ഡി.ഡി.എച്ച്.എസ്. നടപ്പിലാക്കിയിട്ടുള്ള ഉന്നത വിദ്യാഭ്യാസവകുപ്പ്, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള ധനകാര്യ, വിവര സാങ്കേതിക വിദ്യ വകുപ്പുകൾ ഒഴികെയുള്ള മറ്റ് വകുപ്പുകളിലും എല്ലാ മന്ത്രിമാരുടെ ഓഫീസുകളിലും, കെ.എസ്സ്.ഇ.ബി., തുറമുഖ വകുപ്പ്, വനം വകുപ്പ്, നഗരാസൂത്രണ വകുപ്പ്, പൊതുമരാമത്ത് മീഡ് എഞ്ചിനീയറുടെ ഓഫീസുകൾ, സർവ്വേ, ഗതാഗതം, മൃഗസംരക്ഷണം, ജലസേചനം എന്നീ വകുപ്പുകളിലും ഡി.പി.ഐ.യിലും, കെ.എസ്.ടി.പി.യിലും ഐഡിയാസ് സംവിധാനം പ്രാവർത്തിച്ചുവരുന്നു.

(ബി&സി) ഐഡിയാസ് മുഖേന സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന ഓരോ നിവേദനത്തിന്റെയും മറ്റ് പരിഹാരങ്ങളുടെയും നീക്കം സംബന്ധിച്ച നിജസ്ഥിതി അറിയാൻ സാധിക്കുന്നു. സർക്കാർ ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ സർക്കാർ വെബ്സൈറ്റായ www.kerala.gov.in വഴി ഓൺലൈനിലൂടെ

LIBRARY ARCHIVES Kerala Legislative Assembly